**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3016** — **13/03/2018-ൽ മറുപടിയ്ക്ക്**

## മഞ്ഞളൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ വാഴക്കുളം കരയിൽ മഞ്ഞളൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിന് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപയുടെ പ്രവർത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തി ടെണ്ടർ നടപടി കഴിഞ്ഞ് എഗ്രിമെന്റ് വച്ചെങ്കിലും സൈറ്റ് കൈമാറാത്തതിനാൽ ടി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി കെട്ടിടം പി.എച്ച്.സി. യുടെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്തേയ്ക്ക് മാറ്റി പണിയുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; | (ബി) | ടെണ്ടർ നടപടി പൂർത്തീകരിച്ചു |
| (സി) | പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | റിവൈസ്ഡ് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ